പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 249 — 19.02.2016 ൽ - മറുപടിക്ക്

## വിജിലൻസ് കമ്മിറ്റി സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എം.ഷാജി<br>,, പി.കെ. ബഷീർ<br>,, കെ. മുഹമ്മദുണ്ണി ഹാജി<br>,, റ്റി.എ. അഹമ്മദ് കബീർ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) പൊതുവിതരണ സംവിധാനം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ വിജിലൻസ് കമ്മിറ്റി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അത്തരം സമിതികളുടെ ഘടന എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി മൂന്ന് തലത്തിലുള്ള ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ ആണ് രൂപീകരിച്ചിട്ടുള്ളത്. ജില്ല/താലൂക്ക്/ പഞ്ചായത്ത് തലത്തിലാണ് സമിതികൾ രൂപീകരിച്ചിട്ടുള്ളത്. ജില്ലാതല സമിതിയുടെ ചെയർമാൻ ജില്ലാ കളക്ടറും, താലൂക്ക്തല സമിതിയുടെ ചെയർമാൻ എം.പി./ എം.എൽ.എ/ മേയർ/മുനിസിപ്പൽ ചെയർമാൻ എന്നിവരിൽ ആരെങ്കിലും പഞ്ചായത്ത്തല സമിതിയുടെ ചെയർമാൻ അതാത് പഞ്ചായത്ത് പ്രസിഡന്റും ആണ്.<br><br>സമിതിയുടെ ഘടന അനുബന്ധമായി ചേർക്കുന്നു. |
| (സി) കമ്മിറ്റികൾക്ക് ഏൽപ്പിച്ചു നൽകിയിട്ടുള്ള ചുമതലകളും ഉത്തരവാദിത്തങ്ങളും എന്തെല്ലാമാണെന്നും ഇത്തരം കമ്മിറ്റികളുടെ പ്രവർത്തനം പൊതുവിതരണ സംവിധാനത്തിന് എന്തെല്ലാം സേവനങ്ങൾ നൽകിയിട്ടുണ്ടെന്നും വിശദമാക്കുമോ? | (സി) പൊതുവിതരണ സമ്പ്രദായം കാര്യക്ഷമതയോടും കുറ്റമറ്റരീതിയിലും പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതും കൂടാതെ കാർഡ് ഉടമകൾക്ക് അർഹതപ്പെട്ട റേഷൻ കൃത്യമായ അളവിലും വിലയിലും ഗുണനിലവാരത്തിലും ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടത് കമ്മിറ്റിയുടെ |

ചുമതലകളിലും ഉത്തരവാദിത്തത്തിലും ഉൾപ്പെടുന്നതാണ്.

ടി കമ്മിറ്റി എല്ലാ ജില്ലകളിലും കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നതും കമ്മറ്റികളിൽ ഉന്നയിക്കുന്ന പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കുന്നതുമാണ്. ഗുണനിലവാരമുള്ള ഭക്ഷ്യവസ്തുക്കൾ കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക. കൃത്യമായ അളവിലും തൂക്കത്തിലും സാധനങ്ങൾ ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക, വ്യാപാര സ്ഥാപനങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക, കേടായ ഭക്ഷ്യസാധനങ്ങൾ വിൽക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക, വില വിവര പട്ടിക പ്രദർശിപ്പിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുക എന്നിവയാണ് ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റിയുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. യോഗത്തിലെ തീരുമാന ങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലാ സപ്ലൈ ആഫീസർ, താലൂക്ക് സപ്ലൈ ആഫീസർ, ലീഗൽ മെട്രോളജി ഇൻസ്പെക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർ, ഫുഡ് സേഫ്റ്റി ഓഫീസർ റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവർ ചേർന്നുള്ള സ്ക്വാഡ് വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾ ക്കെതിരെ കേസെടുത്ത് പിഴ ചുമത്തുകയും ചെയ്തുവരുന്നു.

*സെക്ഷൻ ഓഫീസർ*

# അനുബന്ധം

## ജില്ലാതല വിജിലൻസ് സമിതി

1) ജില്ലാ കളക്ടർ - ചെയർമാൻ
2) ജില്ലാ സപ്ലൈ ആഫീസർ - കൺവീനർ
3) നിയമസഭയിൽ പ്രാതിനിധ്യം ഉള്ള രാഷ്ട്രീയ പാർട്ടികളുടെ ഓരോ പ്രതിനിധികൾ
4) കൺസ്യൂമർ പ്രൊട്ടക്ഷൻ ഓർഗനൈസേഷന്റെ പ്രതിനിധി
5) ജില്ലയിലെ എല്ലാ എം.പി.മാരും
6) ജില്ലയിലെ എല്ലാ എം.എൽ.എ.മാരും.
7) സെക്രട്ടറി/ ചെയർപേഴ്സൺ മുനിസിപ്പാലിറ്റി
8) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
9) ജില്ലാ പഞ്ചായത്ത് പ്രതിപക്ഷ നേതാവ്
10) പ്രസ്സ് ക്ലബ് പ്രതിനിധി
11) റേഷൻ റീട്ടെയിൽ /മൊത്ത വ്യാപാരി പ്രതിനിധി
12) പൊതുവിപണി കടകളുടെ പ്രതിനിധി
13) വിദ്യാർത്ഥി/യുവജന സംഘടനയുടെ പ്രതിനിധി
14) എല്ലാ താലൂക്ക് സപ്ലൈ ആഫീസർമാരും /പോലീസ് / ലീഗൽ മെട്രോളജി ഹെൽത്ത്/ സെയിൽസ് ടാക്സ്/ലേബർ/റവന്യൂ/മോട്ടോർ വെഹിക്കിൾസ് എന്നി വകുപ്പുകളുടെ ജില്ലാതല ആഫീസർമാർ എന്നിവർ പങ്കെടുക്കണം.
15) സപ്ലൈകോ അസിസ്റ്റന്റ് മാനേജർമാരും, ജില്ലയുടെ ചാർജ്ജുള്ള റീജിയണൽ മാനേജർമാരും
16) എഫ്.സി.ഐ.യുടെ ജില്ലാ മാനേജർ
17) എല്ലാ റവന്യൂ ഡിവിഷണൽ ആഫീസർമാരും / സബ് കളക്ടർമാരും
18) ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ ജില്ലാ പ്രതിനിധികൾ

## താലൂക്ക്തല വിജിലൻസ് സമിതി

1) നിയമസഭയിൽ പ്രാതിനിധ്യം ഉള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ
2) കൺസ്യൂമർ പ്രൊട്ടക്ഷൻ സംഘനകളുടെ ഓരോ പ്രതിനിധികൾ
3) എം.പി.
4) എം.എൽ.എ
5) മേയർ/ മുനിസിപ്പൽ ചെയർപേഴ്സൺ
6) കോർപ്പറേഷൻ / മുനിസിപ്പാലിറ്റി എന്നിവയുടെ കൗൺസിലർമാർ

7) താലൂക്കിലെ പ്രസ് ക്ലബിന്റെ പ്രതിനിധി
8) വ്യാപാരി വ്യവസായ സമിതിയുടെയും റേഷൻ ഡിലേഴ്സിന്റെയും പ്രതിനിധി
9) കോർപ്പറേഷൻ / മുനിസിപ്പാലിറ്റി സെക്രട്ടറി
10) വനിതാ സാമൂഹിക പ്രവർത്തക
11) എസ്.സി/എസ്.റ്റി പ്രതിനിധി
12) വിദ്യാർത്ഥികളുടെ പ്രതിനിധി
13) യുവജന പ്രതിനിധി
14) തൊഴിലാളികളുടെ പ്രതിനിധി
15) റേഷനിംഗ് ഇൻസ്പെക്ടർമാർ

<u>പഞ്ചായത്ത്തല വിജിലൻസ് സമിതി</u>

1) പഞ്ചായത്ത് പ്രസിഡന്റ്
2) വാർഡ് മെമ്പർമാർ
3) രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധി
4) റേഷനിംഗ് ഇൻസ്പെക്ടർമാർ
5) ലീഗൽ മെട്രോളജി / റവന്യൂ / ഹെൽത്ത് / പഞ്ചായത്ത് / പോലീസ് എന്നീ വകുപ്പുകളുടെ ഓരോ പ്രതിനിധികൾ

SO